**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 642** **10-02-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്ത് നാട് മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്ത് നാട് മണ്ഡലത്തിലെ മനയ്ക്ക കടവ്, തെങ്ങും തുരുത്ത്, പഴങ്ങനാട് പ്രദേശങ്ങളിൽ ഉണ്ടാകുന്ന വോൾട്ടേജ് ക്ഷാമം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് പ്രദേശവാസികൾ നൽകിയ നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ വ്യക്തമാക്കാമോ; | (ബി) | പെരുമ്പാവൂർ ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ വരുന്ന കിഴക്കമ്പലം ഇലക്ട്രിക്കൽ സെക്ഷനിൽ ഉൾപ്പെടുന്ന മനയ്ക്കകടവ്- തെങ്ങുംതുരുത്ത ഭാഗത്ത വൈദ്യുതി വിതരണം ചെയ്തുകൊണ്ടിരുന്ന 160kVA യൂറോടെക് ട്രാൻസ്ഫോർമറിന്റെ നിലവിലുണ്ടായിരുന്ന സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റിയിട്ടുള്ളതും, പ്രസ്തുത പ്രദേശത്ത കൂടുതൽ ഗുണമേന്മയുള്ള വൈദ്യുതി വിതരണം നടപ്പിലാക്കുന്നതിനായി തൊട്ടടുത്ത് സ്ഥിതി ചെയ്യുന്ന തൃക്കാക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ ഉള്ള 160kVA മനയ്ക്കക്കടവ് ട്രാൻസ്ഫോർമറിന്റെ പരിധിയിലേയ്ക്ക് ടി പ്രദേശത്തെ കൺസ്യൂമേഴ്സിനെ മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയുമാണ്. ആയതിനു വേണ്ടിയുള്ള പ്രാരംഭ പരിശോധനകളും മീറ്റിങ്ങുകളും നിലവിൽ കഴിഞ്ഞിട്ടുള്ളതും 2025 ഫെബ്രുവരിയോടെ എല്ലാ നടപടികളും പൂർത്തിയാക്കുന്നതുമാണ് എന്ന് കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (സി) | കടുത്ത വോൾട്ടേജ് ക്ഷാമം മൂലം പ്രദേശവാസികളുടെ ഗൃഹോപകരണങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയാതെ വരികയും ഗൃഹോപകരണങ്ങൾ പെട്ടെന്ന് നശിച്ചു പോകുകയും ചെയ്യുന്ന അവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | പ്രസ്തുത പ്രദേശത്തെ വോൾട്ടേജ് കുറവ് ശ്രദ്ധയിൽപെട്ടിട്ടുള്ളതായും അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതായും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | തൃക്കാക്കര സെക്ഷനു കീഴിലെ നിലവിനുള്ള 160 കെ.വി. ട്രാൻസ്ഫോർമർ 250 കെ.വി. ആക്കി ഉയർത്തി അവിടെ നിന്നും വൈദ്യുതി ലഭ്യമാക്കിയാൽ ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ സാധിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ, ഇല്ലെങ്കിൽ പരിശോധിക്കുമോ; | (ഡി) | തൃക്കാക്കര സെക്ഷനു കീഴിലെ മനയ്ക്ക കടവ് 160KVA ട്രാൻസ്ഫോമർ 250 KVA ആക്കുന്ന പ്രവർത്തിക്ക ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ട്രാൻസ്ഫോർമർ ലഭിക്കുന്ന ഉടൻ തന്നെ ഈ പ്രവൃത്തി ചെയ്യുന്നതാണെന്നും പ്രസ്തുത പ്രവൃത്തി പൂർത്തിയാകുന്നതോടെ മനയ്ക്ക കടവ്, തെങ്ങും തുരുത്ത് ഭാഗത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കപ്പെടുന്നതാണെന്നും കെ എസ് ഇ ബി എൽ അറിയിച്ചിട്ടുണ്ട്. |
| (ഇ) | മേൽ പ്രശ്നത്തിന് അടിയന്തര പരിഹാരം കാണുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ? | (ഇ) | കെ എസ് ഇ ബി എൽ വിതരണ വിഭാഗത്തിന്റെ കീഴിൽ, മനയ്ക്കകടവ്-തെങ്ങുംതുരുത്തു ഭാഗത്തെ വോൾട്ടജ് ക്ഷാമം പൂർണ്ണമായി പരിഹരിക്കുന്നതിന് നിലവിൽ പ്രസ്തുത പ്രദേശത്തെ സിംഗിൾ ഫേസ് ലൈനുകൾ ത്രീ ഫേസ് ലൈനുകൾ ആക്കി മാറ്റിയിട്ടുള്ളതും ടി ഭാഗത്തെ വൈദ്യുതി വിതരണം തൊട്ടടുത്ത 160kVA മനയ്ക്കകടവ് ട്രാൻസ്ഫോർമറിലേക്ക് മാറ്റുന്നതിനും, നിലവിലെ 160kVA മനയ്ക്കകടവ് ട്രാൻസ്ഫോർമർ 250kVA ആക്കി മാറ്റുന്നതിനും നടപടികൾ കൈകൊണ്ടിട്ടുള്ളതും ആകുന്നു. കൂടാതെ ടി പ്രദേശത്തെ ഉപഭോക്താക്കളുടെ സൗകര്യാർത്ഥം ടി പ്രദേശം തൃപ്പൂണിത്തുറ ഇലക്ട്രിക്കൽ ഡിവിഷനിൽ ഉൾപ്പെടുന്ന തൃക്കാക്കര ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിലേയ്ക്ക് മാറ്റുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.<br><br>കൂടാതെ കെ എസ് ഇ ബി എൽ പ്രസരണ വിഭാഗത്തിൽ, താഴെ പറയുന്നവ പ്രവൃത്തികൾ വിഭാവനം ചെയ്തിട്ടുണ്ട്<br><br>i) System Improvement-ന്റെ ഭാഗമായി 220 കെ.വി. സബ്സ്റ്റേഷൻ ബ്രഹ്മപുരത്ത് 220/110 കെ.വി. 200 എം.വി.എ ട്രാൻസ്ഫോർമർ (ഒരെണ്ണം) സ്ഥാപിക്കുന്ന പ്രവൃത്തി.<br>ii) System Improvement-ന്റെ ഭാഗമായി 66 കെ.വി. അമ്പലമുകൾ സബ്സ്റ്റേഷന്റെ നിർമ്മാണം.<br>iii) 66 കെ.വി. പുത്തൻ കുരിശ് സബ്സ്റ്റേഷൻ 110 കെ.വി.-യായി ശേഷി വർധിപ്പിക്കുന്ന പ്രവൃത്തി. |

സെക്ഷൻ ഓഫീസർ